File No.FWLD-F3/122/2019-FWLD

SC 87
16/3/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനംവന്യജീവി വകുപ്പ്-റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ.അനിൽകുമാർ ഫയൽ ചെയ്ത OA (EKM) 828/19ൻമേലുള്ള 07.06.2019 ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനംവന്യജീവി(എഫ്) വകുപ്പ്

G.O.(Rt)No.509/2019/F&WLD    തീയതി,തിരുവനന്തപുരം, 28/12/2019

പരാമർശം:- 1 ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 22/03/2019ലെ ഡി1/58919/2018 നമ്പർ ഉത്തരവ്.

2 ശ്രീ.എൻ.അനിൽകുമാർ ഫയൽ ചെയ്ത OA(EKM)2140/18 ൻമേലുള്ള ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 18.12.2018 ലെ ഉത്തരവ്.

3 റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എൻ.അനിൽകുമാർ 04.06.2019 ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

4 ശ്രീ.എൻ.അനിൽകുമാർ ഫയൽ ചെയ്ത OA(EKM)828/19ൻമേലുള്ള ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 07.06.2019 ലെ ഉത്തരവ്.

5 ഭരണവിഭാഗം ഉപമുഖ്യവനപാലകന്റെ 29.07.2019, 14.11.2019,തീയതികളിലെ ഡി1-58919/18 നം. കത്ത്.

<u>ഉത്തരവ്</u>

വനം വകുപ്പിൽ കാസർഗോഡ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. എൻ അനിൽ കുമാറിനെ അട്ടപ്പാടിയിലേക്ക് സ്ഥലം മാറ്റിയതിനെ ചോദ്യം ചെയ്ത് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA .(EKM) 2140/2018 നമ്പർ കേസിലെ പരാമർശം (2) പ്രകാരമുള്ള ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവിലെ നിർദ്ദേശ പ്രകാരം, ടിയാനെ കാസർഗോഡ് റെയ്ഞ്ചിൽ തന്നെ നിലനിർത്തുകയോ, കണ്ണൂർ, കാസർഗോഡ് റെയ്ഞ്ചിലേതെങ്കിലുമോ ടെറിട്ടോറിയൽ/ഫ്ലയിംഗ് സ്ക്വാഡ്/വൈൽഡ് ലൈഫ് റെയ്ഞ്ചുകളിലോ സ്ഥലം മാറ്റത്തിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ചീഫ് വൈൽഡ് ലൈഫ് വാർഡൻ മുമ്പാകെ നൽകിയ അപ്പീൽ പെറ്റീഷനിൻമേൽ ടിയാനെ നേരിൽ കേട്ടതിനുശേഷം, ടെറിട്ടോറിയൽ റെയ്ഞ്ച് ഒഴികെ നിലവിൽ ഒഴിവുള്ള ഏതെങ്കിലും റെയ്ഞ്ചിൽ നിയമിക്കുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിലെ ടെറിട്ടോറിയൽ റെയ്ഞ്ചിൽ നിയമിക്കരുത് എന്ന ശിക്ഷണ നടപടിയെന്ന നിലയിലുള്ള

ശ്രീ. എൻ. അനിൽകുമാർ ടെറിട്ടോറിയൽ റെയ്ഞ്ചിൽ നിയമിതനാക്കുന്നതിന് തികച്ചും യോഗ്യനാണ് എന്നു കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1)ലെ വൈൽഡ് ലൈഫ് വാർഡന്റെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, ശ്രീ. അനിൽ കുമാറിനെ കാസർഗോഡ് റെയ്ഞ്ചിൽ തന്നെ നിലനിർത്തുന്നതിനും, സ്ഥലംമാറ്റേണ്ടി വരുന്ന സാഹചര്യമുണ്ടാകുന്ന പക്ഷം, ടിയാന് വിരമിക്കുവാൻ കുറഞ്ഞകാലം മാത്രമേ ശേഷിക്കുന്നുള്ളൂ എന്ന കാര്യവും, മാതൃജില്ലയിൽ വളരെകുറച്ച് കാലമേ ടിയാൻ സേവനമനുഷ്ഠിച്ചിട്ടുള്ളൂ എന്നതും കൂടി പരിഗണിച്ച് കണ്ണൂർ ജില്ലയിൽ ഒഴിവുള്ള, ടെറിട്ടോറിയൽ റെയ്ഞ്ച് ഉൾപ്പെടെയുള്ള, റെയ്ഞ്ചിൽ ടിയാന് നിയമനം നൽകുകേണ്ടതാണെന്ന് ഭരണ വിഭാഗം ഉപമുഖ്യവനപാലകന് നിർദ്ദേശം നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽപ്പറഞ്ഞ പ്രകാരം ശ്രീ. എൻ. അനിൽ കുമാറിന്റെ പരാമർശം (3)ലെ നിവേദനം തീർപ്പാക്കിയും, ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SHEELA.M

UNDER SECRETARY

മുഖ്യവനപാലകൻ (വൈൽഡ് ലൈഫ്)& ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

ഭരണവിഭാഗം ഉപമുഖ്യവനപാലകൻ, തിരുവനന്തപുരം.

അഡ്വ. ജനറൽ ഓഫീസ്, എറണാകുളം (with CL)

ശ്രീ.എൻ. അനിൽകുമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ, കാസർഗോഡ്, ദേവ ഹൗസ്, ഈസ്റ്റ് കതിരൂർ പി ഒ, തലശ്ശേരി, കണ്ണൂർ– 670 642.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ്& ന്യൂ മീഡിയ.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്– വനംവന്യജീവി(പാർലമെന്റ്) വകുപ്പ്.